പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെ കാര്യാലയം
ഹയർ സെക്കൻററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

**ICT Cell/1771/1/DGE_HSE/2022** **08/07/2022**

# സർക്കുലർ

സൂചന : 1) സ.ഉ(സാധാ)നം.3977/2022/പൊ.വി.വ തീയതി 07/07/2022
2) സ.ഉ( കൈ)നം.118/2022/പൊ.വി.വ തീയതി 07/07/2022
3) സ.ഉ( കൈ)നം.121/2022/പൊ.വി.വ തീയതി 07/07/2022
4) സൂചന 1,2,3 ഉത്തരവുകളെ അടിസ്ഥാനപ്പെടുത്തി അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്പക്ടസ്
5.)സ.ഉ(സാധാ)നം 5693/08/ പൊ.വി.വ തീയതി 31/12/08

## ഏകജാലക പ്രവേശനം 2022-23 നിർദ്ദേശങ്ങൾ

സൂചന 1,2,3 സർക്കാർ ഉത്തരവുകൾ പ്രകാരം 2022-2023 അധ്യയനവർഷത്തെ പ്ലസ്വൺ പ്രവേശനത്തിനായുള്ള പ്രോസ്പക്ടസ് അംഗീകരിക്കുകയുണ്ടായി. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ്വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ, അപേക്ഷകർക്ക് തന്നെ 2022 ജൂലൈ 11 രാവിലെ 10 മണിമുതൽ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും അദ്ധ്യാപകരെയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള ഹെൽപ്പ് ഡസ്ക്കുകൾ, 2022 ജൂലൈ 11 മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതുവരെ വൈസ്-പ്രിൻസിപ്പൽമാരുടെ / പ്രഥമാദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കേണ്ടതാണ്.

സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും അദ്ധ്യാപകരെയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള ഹെൽപ്പ് ഡസ്ക്കുകൾ, 2022 ജൂലൈ 11 മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതു വരെ പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ കോവിഡ് ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പ്രവർത്തിക്കേണ്ടതാണ്.

സ്വന്തമായി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്ക് താമസസ്ഥലത്തിന് സമീപത്തുള്ള ഹൈസ്കൂളിൽ അല്ലെങ്കിൽ ഹയർസെക്കണ്ടറി സ്കൂളിൽ പ്രവർത്തിക്കുന്ന സഹായക കേന്ദ്രങ്ങളിലൂടെ ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ചെയ്ത് കൊടുക്കേണ്ടതാണ്.

സ്കൂളിലെ ഹെൽപ്പ്ഡെസ്ക് പ്രോസ്പെക്ടസിലെ ഖണ്ഡിക 5 പ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് പ്രഥമാദ്ധ്യാപകരും ,പ്രിൻസിപ്പൽമാരും ഉറപ്പ് വരുത്തണം.ഹെൽപ്പ് ഡെസ്കിൻെറ പ്രവർത്തനത്തിനായി പ്രിൻസിപ്പൽ ഒരു റോസ്റ്റർ തയ്യാറാക്കുകയും പ്രവർത്തനങ്ങളിൽ എല്ലാ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യണം.2022 ജൂലൈ 11 മുതൽ തുടങ്ങി ഓരോ ദിവസവും കുറഞ്ഞത് രണ്ട് അദ്ധ്യാപകരെങ്കിലും സ്കൂൾതല ഹെൽപ്പ് ഡെസ്കുകളിൽ സ്കൂൾ പ്രവൃത്തി സമയം മുഴുവനും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് അതത് പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽമാരും ഉറപ്പ് വരുത്തണം.

പ്രോസ്പക്ടസിൻെറ രണ്ടോ മൂന്നോ പ്രിൻറഡ് കോപ്പികൾ സ്കൂൾതല ഹെൽപ് ഡെസ്കുകളിൽ ലഭ്യമാക്കണം.

സ്കൂൾതല ഹെൽപ് ഡസ്കുകൾക്ക് പുറമെ കരിയർ ഗൈഡൻസ്, എൻ.എസ്സ്.എസ്സ് യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിലുള്ള ഹെൽപ് ഡസ്കുകളും എല്ലാ സ്കൂളിലും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നതാണ്. ഇതിനു ആവശ്യമായ സൗകര്യങ്ങൾ എല്ലാ സ്കൂൾ പ്രിൻസിപ്പൽമാരും ചെയ്തുകൊടുക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുമ്പോഴും അലോട്ട്മെൻറ് സംബന്ധമായും സംശയങ്ങളും പരാതികളുമുള്ളവർ തൊട്ടടുത്ത സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാളിൻെറ നേതൃത്വത്തിലുള്ള സ്കൂൾ തല ഹെൽപ് ഡെസ്കിനെ സമീപിക്കേണ്ടതാണ്.

സ്കൂൾതല ഹെൽപ്ഡെസ്കിന് പരിഹരിക്കാൻ കഴിയാത്തവ ജില്ലാതല ഹെൽപ്ഡെസ്കിനെ അറിയിച്ച് പരിഹാരം തേടേണ്ടതാണ്. ജില്ലാതല ഹെൽപ് ഡെസ്കിലും പരിഹരിക്കാൻ കഴിയാത്തവ മാത്രമേ സംസ്ഥാന തല ഹെൽപ് ഡെസ്കിൽ അറിയിക്കേണ്ടതുള്ളു. ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ പ്രത്യേകമായ ഹെൽപ്ഡെസ്കും ഒരുക്കിയിട്ടുണ്ട്. സംശയങ്ങൾക്ക്/പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ഉണ്ടായില്ലെങ്കിൽ ആഫീസ് പ്രവർത്തി സമയത്ത് 0471 2323197 എന്ന ഫോൺ നമ്പരിലോ jdacdswshscap@gmail.com എന്ന ഇ-മെയിലിലേക്കൊ വിവരം അറിയിക്കേണ്ടതാണ്.

പ്രവേശനസംബന്ധമായ തുടർനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമായി അഡ്മിഷൻ വെബ്സൈറ്റായ **www.admission.dge.kerala.gov.in** ദിവസവും സന്ദർശിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:
1) എല്ലാ ഹയർസെക്കണ്ടറി മേഖലാ ഉപഡയറക്ടർമാർക്കും.
2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4) എല്ലാ ഹയർസെക്കണ്ടറി ജില്ലാ കോർഡിനേറ്റർമാർക്കും.
5) എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും.
6) എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർമാർക്കും.